# പ്രാദേശികചരിത്രവും വൈജ്ഞാനികതയും ചില ചോദ്യോത്തരങ്ങൾ

**ഡോ. ആദർശ് സി.**
അസോസിയേറ്റ് പ്രൊഫസർ,
മലയാളവിഭാഗം, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.

**പ്രബന്ധസംഗ്രഹം**

പ്രാദേശികചരിത്രരചന എന്ന പ്രക്രിയയുടെ താത്വികതലം അന്വേഷിക്കാൻ ശ്രമിക്കുന്നു. പ്രാദേശികചരിത്രത്തിന് ഒരു സൈദ്ധാന്തിക അടിത്തറ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നു. ഡിസിപ്ലിനാരിറ്റി എന്ന സങ്കല്പനം പ്രാദേശികചരിത്രത്തെസംബന്ധിച്ച് എന്തെന്നും പ്രാദേശികചരിത്രം വിജ്ഞാനോത്പാദനത്തിന്റെ ഭാഗമാകുന്നതെങ്ങനെയെന്നും വിശദീകരിക്കുന്നു. ചരിത്രവിമർശനം എന്നതും പുതുവിജ്ഞാനം എന്നതും പ്രാദേശികചരിത്രരചനയുടെ ഉദ്ദേശ്യമാണെന്ന് പറയാൻ ശ്രമിക്കുന്നു.

**സൂത്രവാക്കുകൾ**

ചരിത്രപദ്ധതി, വിഷയം, ദേശം, പ്രദേശം, ദേശീയത, ദേശരാഷ്ട്രം, ചിന്താമാതൃക, വൈജ്ഞാനികത, സമകാലികത, പ്രാദേശികചരിത്രരചന.

**പ്രാദേശികചരിത്രരചനയുടെ വിഷയമേഖല (ഡിസിപ്ലിൻ) എന്താണ്? അതോ അത് സ്വയം ഒരു വിഷയമാണോ (ഡിസിപ്ലിൻ)? അങ്ങനെയെങ്കിൽ അതിനു സ്വന്തമായ ഒരു രീതിശാസ്ത്രം ഉണ്ടോ?**

ആധുനികചരിത്രം ദേശീയതയുമായി ബന്ധപ്പെട്ടുകൊണ്ടാണ് രൂപംകൊള്ളുന്നത്. ദേശീയത, ദേശരാഷ്ട്രം എന്നിവയാണ് അതിന്റെ പഠനവിഷയി. രാഷ്ട്രീയമായി വേറിട്ട സത്തയാണ് (political entity), അഥവാ അതെന്തെന്നുള്ള അന്വേഷണമാണ്

ഓരോ ദേശീയതയെയും നിർണ്ണിയിക്കുന്നത്. അതിനെ വേറിട്ടതായി നിർണ്ണയിക്കുന്ന പ്രക്രിയയാണ് ചരിത്രരചന. ആ അർത്ഥത്തിലാണ് ആധുനികചരിത്രം എന്നത് ഒരു വിഷയമായി മാറുന്നത്. ആ വിഷയിയാണ് ചരിത്രം എന്ന വിഷയത്തെ നിർണ്ണയിച്ചത്. അതുകൊണ്ടുതന്നെ ചരിത്രം എന്നു പറയുന്നത്, അങ്ങനെ അവകാശപ്പെട്ടിട്ടില്ലെങ്കിലും, രാഷ്ട്രീയചരിത്രമാണ് എന്നുവരുന്നു. ആധുനികചരിത്രപദ്ധതികളെ, മാതൃകകളെ ഒക്കെ പരിശോധിച്ചാൽ ഇതു മനസ്സിലാകും. 'ലോകചരിത്രത്തിൽ' യൂറോപ്പിനെ കേന്ദ്രീകരിക്കുന്ന രാഷ്ട്രീയസ്വത്വം, 'ഇന്ത്യാചരിത്രത്തിൽ' രാഷ്ട്രീയമാറ്റങ്ങളെ കുറിക്കുന്ന തരത്തിലുള്ള ഘട്ടവിഭജനങ്ങൾ എന്നിങ്ങനെ. കേരളചരിത്രത്തിൽ ചേരം കേരളമായി മാറിയ പ്രക്രിയയെ പലതരത്തിൽ രാഷ്ട്രീയമായി ചരിത്രരചനയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. ആ പ്രക്രിയയിലൂടെ 'ഇന്ത്യ' എന്നും 'കേരള'മെന്നും ഒക്കെ രാഷ്ട്രീയമായി മേൽക്കൈ നേടിയ അല്ലെങ്കിൽ മേൽക്കീഴ് ബന്ധഘടനയിൽ ഇടം നേടിയ രാഷ്ട്രീയസ്വത്വത്തെ ഉണ്ടാക്കി. ചരിത്രം എന്ന ഡിസിപ്ലിൻ തന്നെ ചരിത്രം എന്തെന്ന് നിർണ്ണയിക്കുന്നു. മറ്റൊരു തരത്തിൽ വിഷയി വിഷയത്തെയും വിഷയം വിഷയിയേയും നിർമ്മിച്ചെടുക്കുന്നു.

പ്രാദേശികചരിത്രം എന്നതു രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഇനിയും തെളിച്ചപ്പെടേണ്ടതായ ഒരു വിഷയം തന്നെയാണ്. വിഷയി ഇനിയും തെളിച്ചപ്പെടേണ്ടിയിരിക്കുന്നു എന്നും പറയാം. പ്രാദേശികചരിത്രത്തിന്റെ ആരംഭം ആഗോളവത്കരണത്തിന്റെ സന്ദർഭത്തിലാണ് എന്നു സാമാന്യമായിപ്പറയാം. (അതിനു മുമ്പും ചെറിയ പ്രദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ പലതും ഉണ്ടാകാം. എന്നാൽ ചെറിയ പ്രദേശത്തെക്കുറിച്ചുള്ള പഠനങ്ങളല്ല പ്രാദേശികചരിത്രം.) ദേശീയതയുടെ വിമർശനം പല നിലകളിൽ രൂപപ്പെട്ട് ആധുനികോത്തരഘട്ടത്തിൽ പ്രാദേശികമായവയുടെ പ്രാധാന്യം വർദ്ധിക്കുകയും ദേശീയതാവിമർശനം എന്ന നിലയിൽ പ്രാദേശികചരിത്രാന്വേഷണങ്ങൾ ആരംഭിക്കുകയും ചെയ്തു. ദേശീയചരിത്രത്തിൽ ഇടം നേടാതിരുന്ന വിഭവങ്ങളെ കണ്ടെത്തുക, സാംസ്കാരികമൂലധനങ്ങളെ കണ്ടെത്തി വെളിച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് ആദ്യകാല പ്രാദേശികചരിത്രങ്ങൾക്ക് ഉണ്ടായിരുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായും

മറ്റും ഉണ്ടായ ശ്രമങ്ങൾ, കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ ശ്രമങ്ങൾ എന്നിവ അങ്ങനെയുണ്ടായവയാണ്. രേഖകളിലില്ലാത്തതും, എന്നാൽ ഒരു വിഭവമാണ് എന്ന മനസ്സിലാക്കാവുന്നതുമായ ഘടകങ്ങളെ പ്രാദേശികമായ അറിവുകളെ മുൻനിർത്തി വാമൊഴിലൂടെയും മറ്റും കണ്ടെത്തുന്ന രീതിയായിരുന്ന പ്രധാനം. എന്നാൽ ചരിത്രത്തിന്റെ ചെറിയ പതിപ്പായിട്ടാണ് പ്രാദേശികചരിത്രത്തെ മനസ്സിലാക്കിയിട്ടുള്ളത്. ചരിത്രരചനാപദ്ധതിയിൽ നിന്ന വേറിട്ട ഒരു വിഷയി പ്രാദേശികചരിത്രരചനയ്ക്ക് ഉണ്ട്. അത് വരുംഘട്ടങ്ങളിൽ പ്രാദേശികചരിത്രത്തെ കൂടുതൽ സുവ്യക്തമാക്കാം. അക്കാദമികചരിത്രപഠനത്തിനുപരി, മറ്റു പല പഠനവിഭാഗങ്ങളുമാണ് പ്രാദേശികചരിത്രത്തെ കൈകാര്യം ചെയ്യുന്നത്. ഈ വിഷയാന്തരത പ്രാദേശികചരിത്രപദ്ധതിയുടെ സവിശേഷതയായി മനസ്സിലാക്കാം.

**ആഗോളവത്കരണവും പ്രാദേശികചരിത്രവും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെടുന്നത്?**

ആഗോളവത്കരണം ലോകത്തെ ഒറ്റ വിപണിയായിക്കണ്ടു എന്നതാണല്ലോ പ്രധാനപ്രത്യേകത. പലതരത്തിലുള്ള സാങ്കേതികവികാസമാണ് അതിന്ന വഴിയൊരുക്കിയത് എങ്കിലും വിപണി എന്ന ആശയമാകണം ദേശീയതയെ ഒരു പരിധിവരെയെങ്കിലും അപ്രസക്തമാക്കിയതും local എന്ന ഘടകത്തിന് ഒരു സാംസ്കാരികമൂലധനം എന്ന പദവി നേടിക്കൊടുത്തതും. ഇതിന്റെ ആദ്യഘട്ടം, വിദേശങ്ങളിൽ നിന്ന ആരെങ്കിലും വരുമ്പോൾ മാത്രം കിട്ടിയിരുന്ന വിഭവങ്ങൾ നമ്മുടെ ഗ്രാമങ്ങളിലെ പെട്ടിക്കടയിൽ പോലും കിട്ടും എന്ന അവസ്ഥ വന്ന എന്നതാണ്. തൊട്ടടുത്ത ഘട്ടത്തിൽ പ്രാദേശിക വിഭവങ്ങൾക്ക് വിപണിസാധ്യത വരുന്ന എന്നതാണ്. 'നാടൻ' എന്ന പേരിൽ വിപണിയിലുള്ളവ ഓർക്കുക. ഇന്ന് ഇത് ഒരു ക്ലീഷേ ആയി തോന്നാമെങ്കിലും അത് ഉണ്ടാക്കിയ വിപണിവളർച്ച പ്രധാനമാണ്. സമാനമായി, ആശയതലത്തിൽ പ്രാദേശികമായ അറിവുകൾക്കും പ്രാധാന്യം തോന്നിക്കാതെ കിടന്നിരുന്ന സാമൂഹികസ്ഥാപനങ്ങൾക്കും തൊഴിൽ മണ്ഡലങ്ങൾക്കും സാമാന്യജീവിതത്തിനും പ്രാമുഖ്യം ലഭിച്ചു. സാംസ്കാരികമായ ഈ മാറ്റം ടൂറിസം പദ്ധതികളിലൂടെ

സാമ്പത്തികവികാസത്തിന് ഇടയാക്കിയതായും കാണാം.

ആഗോളവത്കരണം സൃഷ്ടിച്ച പുതിയ വിപണി പ്രാദേശികചരിത്രത്തെ സാധ്യമാക്കി എന്നല്ല, മറ്റുപല ആശയതലങ്ങളും പരിണാമഘടകങ്ങളും ഇവയ്ക്കു പുറകിലുണ്ട്. ചരിത്രപരമായി നോക്കുകയാണെങ്കിൽ ആധുനികത നിർമ്മിച്ച മേൽക്കീഴ്ബന്ധങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ എന്നിവ ചോദ്യം ചെയ്യപ്പെടുകയും വ്യത്യസ്ത സ്വത്വവാദങ്ങൾ ഉയർത്തിരിയുകയും ചെയ്തു. നേരത്തെ സൂചിപ്പിച്ച ദേശീയസ്വത്വത്തെപ്പോലെ സവർണ്ണവും കൊളോണിയലുമായ ചിന്താധാരകൾ പ്രശ്നവത്കരിക്കപ്പെട്ടു. ആധുനികാനന്തരചിന്ത പ്രാദേശികചരിത്രത്തിന് താത്വികമാനം നൽകുന്നുണ്ട്.

**സ്വത്വവാദം പ്രാദേശികചരിത്രവുമായി കണ്ണിചേരുന്നുവോ?**

അപരചിന്തയിൽ മേൽക്കോയ്മ (dominance) വരുമ്പോൾ അധികാരഘടന (power structure) വെളിപ്പെടും. സ്വത്വവാദങ്ങൾ ഇങ്ങനെ അധികാരഘടനയ്ക്കെതിരെയുള്ള വിമർശനമാണ്. പുരുഷ, സവർണ്ണ, പാശ്ചാത്യ അധീശത്വങ്ങളെയാണല്ലോ പ്രധാനമായും ആധുനികാനന്തരചിന്ത പ്രശ്നവൽക്കരിച്ചത്. കൂടാതെ ധാരാളം സ്വത്വചിന്തകൾ ആധുനികതയുടെ അറിവിന്റെ മേൽക്കോയ്മകളെ വലിയ തോതിൽ വിമർശനവിധേയമാക്കി. പരിസ്ഥിതി, ലിംഗ, ഭാഷാ സ്വത്വങ്ങൾ; മുസ്ലിം, ഭിന്നശേഷി സ്വത്വങ്ങൾ എന്നിങ്ങനെ തുടരുന്ന അപരവൽക്കരിക്കപ്പെട്ട വ്യത്യസ്തസ്വത്വങ്ങളെ പോലെ ദേശസ്വത്വങ്ങളും തങ്ങളുടെ വ്യതിരിക്തതയെ വീണ്ടെടുക്കുന്ന തലം പ്രാദേശികചരിത്രരചനയെ താത്വികമായി ബലപ്പെടുത്തി എന്നു കാണാവുന്നതാണ്. അധീശസംസ്കൃതി മാതൃകാരൂപത്തിൽ നിൽക്കുകയും അതിലേക്ക് എത്തിച്ചേരാനുള്ള വഴികൾ തേടുകയുമാണ് ആധുനികചരിത്രരചന ചെയ്തതെങ്കിൽ പ്രാദേശികചരിത്രം ദേശത്തിന്റെ വ്യതിരിക്തതകളിൽ ഊന്നുന്നു. ദേശീയതാവിമർശനം എന്ന വിശാലപഠനമേഖലയ്ക്കകത്ത് ഇങ്ങനെ പ്രാദേശികചരിത്രവും കണ്ണിചേരുന്നു.

ദേശീയതയുടെ കാലത്തുതന്നെ ഇതു സംബന്ധിയായ മേൽക്കീഴ്ബന്ധങ്ങൾ സന്ദേഹങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും

ഇടയാക്കിയിട്ടുണ്ട്. അന്നുതന്നെ ഇതിന്റെ അധികാരഘടനയെ ചിലരെങ്കിലും അറിഞ്ഞോ അറിയാതെയോ അഭിസംബോധന ചെയ്തിട്ടുമുണ്ട്.

ഭാരതമെന്നപേർ കേട്ടാലഭി-
മാനപൂരിതമാകമണമന്തഃരംഗം
കേരളമെന്നുകേട്ടാലോ തിളയ്ക്കണം
ചോര നമുക്ക ഞരമ്പുകളിൽ

എന്ന് വള്ളത്തോൾ പാടുമ്പോൾ കേരളം രാഷ്ട്രീയമായി രൂപം കൊണ്ടിട്ടില്ല. ഭാരതവും വിഭാവനതന്നെ. കടുത്ത ഗാന്ധിഭക്തനും ദേശീയപ്രസ്ഥാനത്തിന്റെ വക്താവുമായ വള്ളത്തോൾ ദേശീയതയുടെ ഘടകമായ ഭാരതത്തിലും മേലെയായി കേരളമെന്ന ഒരു 'കീഴ്ഘടക'ത്തെ കണ്ടു എന്നുതന്നെയല്ലേ മനസ്സിലാവുക? ഇത് ബൃഹദ് ദേശീയതയ്ക്കകത്തുള്ള സംഘർഷമാണ്. ഇത്തരം നിരവധി പ്രാദേശികഘടകങ്ങളെ ദേശീയപ്രസ്ഥാനം സ്വാംശീകരിക്കാനും കൂടെച്ചേർക്കാനും ശ്രമിക്കുന്നുണ്ട്. ഇന്ത്യ എന്ന ആശയത്തിലേക്ക് എത്തിയത് നിരവധി സ്വാംശീകരണങ്ങളിലൂടെയാണ്. ഇരുപതാം നൂറ്റാണ്ടിലെ മലയാളത്തിലെ സാഹിത്യം പോലും കേരളദേശത്തെ ഭാവന ചെയ്യുമ്പോഴും ആധുനികവത്കരിക്കപ്പെട്ട പ്രാദേശികതയെയും കൂടെക്കൂട്ടുന്നുണ്ട്. ഭാഷാപോഷിണി സഭ പോലുള്ള സാഹിത്യസംഘങ്ങൾ നടത്തുന്ന കവിതാമത്സരങ്ങൾ കേരളീയഭാവുകത്വത്തെ നിർമ്മിക്കുന്നതിനായിരുന്നു. എന്നാൽ അവയിൽ മത്സരങ്ങൾ പഴയ ദേശസ്വത്വങ്ങൾ തമ്മിലുമായിരുന്നു. കൊച്ചിയും തിരുവിതാംകൂറും എല്ലാം ഓരോ സ്വത്വങ്ങളായി മത്സരിക്കുന്നു. 'നല്ലഭാഷ' എന്ന കൊടുങ്ങല്ലൂർ കഞ്ഞിക്കുട്ടൻ തമ്പുരാന്റെ കവിത പച്ചമലയാളത്തിന്റെ സാധ്യതയെ തെളിയിക്കാൻ രചിച്ചതാണെങ്കിലും കൊച്ചിയും കോഴിക്കോട്ടും ലയിക്കേണ്ട ആവശ്യകതയെ പറയുന്നതിനു വേണ്ടിക്കൂടിയായിരുന്നു. ഇങ്ങനെ ബഹുദേശീയതകളുടെ ഒരു സമന്വയം എന്ന നിലയിൽ രൂപംകൊണ്ട ബൃഹദ് ദേശീയത അധീശപരമാണ് എന്ന ചിന്ത സമകാലികമായി പ്രാദേശികതകളെ ഉയർത്തിക്കൊണ്ടുവരുന്നു. എന്നാൽ അത് ആധുനികപൂർവ്വ ദേശങ്ങളല്ല എന്നും തിരിച്ചറിയേണ്ടതുണ്ട്.

**ആധുനികപൂർവ്വദേശവും ആധുനികാനന്തര പ്രദേശവും തമ്മിലുള്ള ബന്ധവും വ്യതിരിക്തതയും എന്താണ്?**

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകളോടെ ആരംഭിക്കുന്ന പ്രാദേശികചരിത്രരചന 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ അക്കാദമിക വിഷയമായി വികസിക്കുന്നുണ്ട്. പലപ്പോഴും ആധുനികചരിത്രത്തിന്റെ സങ്കല്പത്തിൽ നിന്നുകൊണ്ട് ആധുനികദേശം രൂപപ്പെടുന്നതിനു മുമ്പുള്ള ആധുനികപൂർവ്വദേശങ്ങളെ വീണ്ടും പഠിക്കാനുള്ള ശ്രമങ്ങൾ ഈ കാലത്തു നടക്കുന്നുണ്ട്. ഡി.സി. ബുക്സ് എൻ.എം. നമ്പൂതിരിയുടെ നേതൃത്വത്തിൽ പ്രാദേശികചരിത്രപുസ്തകത്തിനുവേണ്ടി ഒരു രചനാശില്പശാല സംഘടിപ്പിക്കുകയും അതിന്റെ ഭാഗമായി 'കേരളചരിത്രത്തിന്റെ നാട്ടുവഴികൾ' എന്ന പേരിൽ 2009 ൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ട്. ആധുനികപൂർവ്വദേശങ്ങളെ മുൻനിർത്തി പ്രാദേശികചരിത്രം രചിക്കുകയാണ് ഇവിടെ ചെയ്തത് എന്ന് ഈ പുസ്തകം നോക്കിയാൽ അറിയാം. പ്രാദേശികചരിത്രം എന്ന നിലയിൽ ഇതൊരു പരാജയമാണ് എന്നുപറയാം. 'കേരളചരിത്രത്തിന്റെ നാട്ടുവഴികൾ' എന്ന പുസ്തകത്തിന്റെ തലക്കെട്ടിനോട് ചേർത്ത് 'കേരളത്തിലെ പ്രാദേശികചരിത്രാന്വേഷണങ്ങളുടെ ആദ്യസമാഹാരം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പ്രസാധകരും എഡിറ്റർമാരും പ്രാദേശികചരിത്രാന്വേഷണം എന്നുതന്നെ പറയുന്നു. എന്നാൽ ഉള്ളടക്കത്തിലെ തരംതിരിവു നോക്കിയാൽ, ബ്രാഹ്മണവഴി, കുടുംബവഴി, ക്രിസ്ത്യൻവഴി, ഇസ്ലാംവഴി, ബൗദ്ധജൈനവഴി എന്നിങ്ങനെ നീളുന്നു. കുടുംബവഴി എന്നു പറയുന്ന ഭാഗത്ത് രണ്ടു രചനകൾ മനകളെക്കുറിച്ചാണ് എന്നും കാണാം! ഇതിൽ പലതും പഴയകാല പണ്ഡിതർ എഴുതിയത് ചേർത്തതുമാണ്.

ആധുനികപൂർവ്വഘട്ടത്തിലെ ദേശങ്ങൾ മോഡേൺ സ്റ്റേറ്റ് ആയി മാറിയ ഘട്ടത്തിലാണ് ചരിത്രം ഉണ്ടാകുന്നത്. സ്റ്റേറ്റിന്റെ യുക്തിയാണ് ചരിത്രം. അതുവരെ ജാതീയമായും വർണ്ണപരമായും വർഗ്ഗപരമായും (തൊഴിൽക്കൂട്ടം) വിഭജിച്ചിരുന്ന ലോകക്രമത്തെ മാറ്റിക്കൊണ്ട്, അതിന്റെ അധികാരഘടനയെ പൊളിച്ചുകൊണ്ട് രൂപംകൊണ്ടതാണ് ആധുനികചരിത്രം. അവിടെ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും എല്ലാവർക്കും തുല്യ

മാകുന്നു എന്നതാണ് തത്വം. പ്രത്യക്ഷത്തിൽ സാമൂഹികമായി വലിയ മാറ്റമുണ്ടാക്കിയെങ്കിലും അതുവരെ സമൂഹത്തിലുണ്ടായിരുന്ന പലതരം മേൽക്കീഴ് ബന്ധങ്ങൾ തെളിഞ്ഞും മറഞ്ഞും ആധുനികതയുടെ ചരിത്രപദ്ധതിയിലും കിടപ്പുണ്ട്; മുന്നേസൂചിപ്പിച്ച ആധുനികതതന്നെ സൃഷ്ടിച്ച മേന്മാബോധങ്ങളെക്കൂടാതെ. അത് നിരന്തരം പ്രശ്നവൽക്കരിക്കേണ്ടതുമാണ്. പ്രാദേശികചരിത്രരചനാതാത്പര്യങ്ങളുടെ ഘട്ടത്തിൽ ഈ മറഞ്ഞുകിടക്കുന്ന വംശീയവും സവർണ്ണവുമായ മേന്മാബോധങ്ങൾ പലതരത്തിലും വെളിയിൽ വരുന്നു എന്നത് ചെറുക്കപ്പെടേണ്ടതാണ്. ആ തലത്തിൽ പ്രാദേശികചരിത്രരചനാവാദങ്ങൾ പുതിയൊരു ചിന്താപദ്ധതിയും കാഴ്ചപ്പാടും രൂപപ്പെടുത്തിയെടുക്കേണ്ടതു അനിവാര്യമായിവരുന്നു. ആധുനികതയ്ക്കകത്ത് ദമനം ചെയ്യപ്പെട്ട, ഒരുകാലത്ത് അധികാരം കയ്യാളിയ വംശീയസ്വത്വങ്ങൾ തലപൊക്കുന്നു എന്നതാണ് സമകാലികസമൂഹം നേരിടുന്ന വെല്ലുവിളി. അതുതന്നെയാണ് പ്രാദേശികചരിത്രവും രചനയിൽ കൈക്കൊള്ളേണ്ടുന്ന ജാഗ്രത. ആ അർത്ഥത്തിൽ പ്രാദേശികചരിത്രരചന അക്കാദമികവിഷയം മാത്രമല്ല, രാഷ്ട്രീയ ഇടപെടൽ കൂടിയായിമാറുന്നു.

കേരളചരിത്രത്തിന്റെ രചനയുടെ തുടക്കഘട്ടത്തിൽ തിരുവിതാംകൂർചരിത്രവും കൊച്ചിരാജ്യചരിത്രവും ഉണ്ടായത് പ്രാദേശികചരിത്രമാണെന്ന് പറയാൻ പറ്റില്ല എന്നു പറയുന്നതുപോലെത്തന്നെയാണ് ആധുനികപൂർവ്വ ദേശവും ഇന്നത്തെ പ്രദേശവും ഒന്നതന്നെയല്ല എന്നു പറയുന്നതും. പ്രദേശം മോഡേൺ നേഷൻസ്റ്റേറ്റിന്റെ നിർണയനങ്ങൾക്കകത്തുള്ള ഘടകം എന്ന നിലയിൽ മാത്രമേ കാണാനൊക്കൂ. എന്നാൽ മുൻ ദേശസങ്കല്പങ്ങൾ അവയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ സംബന്ധിച്ച പരിണാമചരിത്രവും പ്രധാനം തന്നെ. അതേസമയം പുതുവിജ്ഞാനങ്ങൾ, തദ്ദേശീയ മൂലധനങ്ങൾ, പ്രാദേശികമായ വിഭവങ്ങൾ, ചെറുത്തുനില്പുകൾ, പ്രാന്തവത്കരിക്കപ്പെട്ട ജീവിതങ്ങൾ എന്നിവയെല്ലാം പ്രാദേശികചരിത്രത്തിന്റെ അന്വേഷണമണ്ഡലങ്ങളാകുന്നു. ഒരു തലം അധികാരവിമർശനമാകുമ്പോൾ മറ്റൊരു തലം പുതുവിജ്ഞാനോത്പാദനമാണ്. ഇങ്ങനെ കൂടിക്കലമ്പലുള്ള ഒരു വൈജ്ഞാനികമേഖലയായി പ്രദേശത്തെയും പ്രാദേശികചരിത്രത്തെയും കാണേണ്ടതായുണ്ട്.

സമാനമായി, കേരളത്തിലെ ഫോക്‌ലോർപഠനം പലപ്പോഴും പ്രീമോഡേൺ സംസ്കാരത്തിൽ കുടുങ്ങിക്കിടക്കുന്നതുകാണാം. അർബൻ ഫോക്‌ലോർ പ്രധാനവിഷയമാണ്. പലപ്പോഴും അത് സംസ്കാരപഠനത്തിന്റെ വിഷയവുമായി കണ്ണിചേരുന്നു. എന്നാൽ പല ഫോക്‌ലോർപഠനങ്ങളും വിവരശേഖരണത്തിൽ ഒതുങ്ങുന്നതായിക്കാണാം. പ്രാദേശികചരിത്രം ഫോക്‌ലോറിനെ പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ കേവലം വിവരണാത്മകമായി പ്രദേശത്തെ കുറിച്ചോ മറ്റോ പറഞ്ഞു പോകുന്ന അറിവായി പ്രാദേശികചരിത്രം ചുരുങ്ങിപ്പോവുകയുമരുത്. പ്രീമോഡേൺ സങ്കേതങ്ങൾ ഉപയോഗിക്കുമ്പോൾ ആധുനിക ജനാധിപത്യമര്യാദകളെ പാലിക്കുന്ന രീതിയിൽ കൂടി ആവുമ്പോൾ, അത് രാഷ്ട്രീയജാഗ്രത എന്നുപറയാം.

**പ്രാദേശികചരിത്രത്തിന്റെ പുതുവിജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?**

ജ്ഞാനം എന്നത് ഓരോ കാലത്തും ഓരോ ചിന്താമാതൃകയുടെ ഫലമായി രൂപംകൊള്ളുന്നതാണ്. അവ ആ സമൂഹം കല്പിക്കുന്ന മൂല്യത്തിലധിഷ്ഠിതമായിരിക്കും. ശാശ്വതമൂല്യമെന്നൊന്നില്ല എന്നു പറയാമെങ്കിലും ചില മൂല്യങ്ങൾ അടിസ്ഥാനമായി വർത്തിക്കുന്നതു കാണാം. ചിന്തിക്കുന്ന മനുഷ്യൻ എന്നത് അത്തരമൊരു മൂല്യസങ്കല്പമാണ്. ചിന്തയുടെ പാറ്റേണിനേ മാറ്റമുള്ളൂ. തന്റെ ചുറ്റുമുള്ള ലോകത്തെ നിരീക്ഷിച്ചും പരീക്ഷിച്ചും മനുഷ്യൻ ഉണ്ടാക്കിയെടുത്ത എല്ലാ ബോധ്യങ്ങളും വിജ്ഞാനമാണ്. അതിപ്രാചീനകാലത്തെ മന്ത്രവാദി മുതൽ പുതുകാലത്തെ ശാസ്ത്രജ്ഞൻ വരെ ഇതിൽപ്പെടും. തന്റെ ചുറ്റുമുള്ള ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും സമകാലിക ലോകബോധവുമായി ബന്ധിപ്പിച്ചുകൊണ്ട് അവയെ വിവരിക്കാനും വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനും കഴിയുമ്പോൾ അത് ജ്ഞാനരൂപമായി എന്നു പറയാം. ഓരോ വ്യാഖ്യാനത്തിലും ഓരോ യുക്തി പ്രവർത്തിക്കുന്നുണ്ടാകും. ആധുനികതയുടെ ഘട്ടത്തിൽ ശാസ്ത്രീയയുക്തിയ്ക്കായിരുന്നു പ്രാമുഖ്യം. എന്നാൽ സൗന്ദര്യാത്മകയുക്തിയും അനുഭൂതിപരമായ യുക്തിയും ഒക്കെ ചേരുന്ന ഇടം വിജ്ഞാനത്തെ ബഹുത്വമാർന്നതാക്കും.

പ്രാദേശികചരിത്രരചനയുടെ സാമൂഹികവും താത്വികവുമായ തലമെന്താണെന്നാണ് പറയാൻ ശ്രമിച്ചത്. ആധുനികചരിത്രത്തിന്റെ അടിസ്ഥാനപരമായ രണ്ടു ഘടകങ്ങളാണ് സ്ഥലവും കാലവും. “ഒരിക്കൽ ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു” എന്ന അമ്മൂമ്മക്കഥ പ്രീമോഡേൺ ‘ചരിത്ര’മാണ്. എന്നാൽ ചരിത്രഘട്ടത്തിൽ ‘ഇന്ന കാലത്ത് ഇന്ന സ്ഥലത്ത് ഭരിച്ച രാജാവ്’ എന്ന് സ്ഥലവും കാലവും പ്രധാനമാകുന്നു. ചരിത്രത്തിന്റെ ‘വസ്തുനിഷ്ഠത’ എന്ന സങ്കല്പത്തിന്റെ അടിസ്ഥാനതലം ഇവിടന്നു തുടങ്ങുന്നു എന്നുപറയാം. പ്രാദേശികചരിത്രരചനയിലും ഈ അടിസ്ഥാനസങ്കല്പങ്ങൾക്ക് പ്രാധാന്യമുണ്ട്. ആധുനികചരിത്രം കാലം എന്നത് രേഖീയമായി സത്തയായാണ് കാണാൻ ശ്രമിച്ചത്. ക്രമമായി സംഭവിക്കുന്ന വികാസം എന്നർത്ഥത്തിൽ. അവിടെ കാലം സ്ഥിരമാണ് (static). എന്നാൽ പ്രാദേശികചരിത്രം (മറ്റു പല വൈജ്ഞാനികമണ്ഡലങ്ങളിലുമെന്നപോലെ) കാലത്തെ ചലിക്കുന്ന സത്തയായി കാണുന്നു. ആധുനികചരിത്രദർശനത്തിലെ ഭൂതം വർത്തമാനം ഭാവി എന്ന ക്രമത്തിനകത്തെ വർത്തമാനകാലത്തിന് ആയുസ്സ് കുറവാണ്. വർത്തമാനത്തിന്റെ ഓരോ നിമിഷവും തൽക്ഷണം ഭൂതമായിമാറും. എന്നാൽ പ്രാദേശികചരിത്രം ആധുനികാനന്തര വൈജ്ഞാനികചിന്തയുടെ ഭാഗമായി വർത്തമാനത്തെ മുഖ്യമായിക്കാണുന്നു. അഥവാ വർത്തമാനമേയുള്ളൂ എന്നു വ്യവച്ഛേദിക്കുന്നു. ഭൂതത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും വർത്തമാനത്തിൽ നിന്നുകൊണ്ടുമാത്രമേ ചിന്തിക്കാൻ കഴിയൂ. ആ അർത്ഥത്തിൽ നിരന്തരം പരിണമിക്കപ്പെടുന്ന വർത്തമാനമേയുള്ളൂ എന്നു മനസ്സിലാക്കാം. ഉദാഹരണം പറയുകയാണെങ്കിൽ ചരിത്രത്തിൽ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമാണ് രണ്ടാം ലോകമഹായുദ്ധം നടന്നതെന്ന് പറയുമല്ലോ. കാലത്തിന്റെ ക്രമികമായ വികാസത്തെ മുൻനിർത്തിയാണ് ഇങ്ങനെ പറയുന്നത്. എന്നാൽ ‘ഒന്നാം’ ലോകമഹായുദ്ധം ‘രണ്ടാം’ ലോകമഹായുദ്ധം എന്നു പറയുമ്പോൾ സങ്കല്പിക്കുന്ന ആശയത്തെ മുൻനിർത്തി വിശകലനം ചെയ്താൽ– അവയെ ഒരു സങ്കല്പനമായി (concept) മനസ്സിലാക്കിയാൽ ‘രണ്ടാം’ ലോകയുദ്ധമാണ് ആദ്യമുണ്ടായത് എന്നു പറയേണ്ടിവരും. കാരണം 1939 ൽ തുടങ്ങി 1945 വരെ തുടർന്ന ‘രണ്ടാം ലോകയുദ്ധം’ അവസാനി

ച്ച് അതിനെ കുറിച്ചു പറയാൻ തുടങ്ങുമ്പോഴാണ് ‘ഒന്ന്’ എന്നത് ഒന്നായി മാറുന്നത്. അതിനുമുന്നേ ഒരിക്കലും ആ ‘സംഭവത്തെ’ ഒന്നാം ലോകയുദ്ധം എന്ന് വിശേഷിപ്പിച്ചിട്ടുണ്ടാവുകയില്ലല്ലോ. അതുകൊണ്ട് സംഭവമല്ല, സംഭവത്തെക്കുറിക്കുന്ന സങ്കല്പനമാണ് ചരിത്രം എന്നുവരുന്നു. പ്രാദേശികചരിത്രം ‘അറിവി’നെ സങ്കല്പനമായി കാണുന്നു. അതുകൊണ്ട് ആധുനികചരിത്രത്തിന്റെ കാലസങ്കല്പമല്ല പ്രാദേശികചരിത്രത്തിന്റേത്. ആ വിചാരമാതൃക വ്യതിയാനപ്പെട്ടു എന്നുപറയാം.

സമാനമായി സ്ഥലം എന്നതും. സ്ഥലം-പ്രദേശം-ദേശം എന്നത് ഭൂമിശാസ്ത്രപരമായ സത്തയുള്ളിൽ (entity) നിർവ്വചിക്കുകയാണ് ചെയ്യുക. ഇന്ത്യയുടെ അതിര്, കേരളത്തിന്റെ അതിര് എന്നൊക്കെ. ഇന്ത്യ എന്ന് ഭൂമിശാസ്ത്രക്ലാസ്സുകളിലും ചരിത്രക്ലാസ്സുകളിലുമെല്ലാം പറയുമ്പോൾ നാം പെട്ടെന്ന് ഇന്ത്യയുടെ ഭൂപടമോ എല്ലുകകളോ ഓർക്കും. എന്നാൽ നാം ഇന്ത്യ എന്നു പറയാതെ ഭാരതം എന്നു പറഞ്ഞാൽ നമ്മുടെ സങ്കല്പത്തിൽ മാറ്റം വന്നിട്ടുണ്ടാകും. ഒരേ അതിരിനുള്ളിലുള്ള ഒരു ഭൂമിശാസ്ത്ര ഏകകത്തെ രണ്ടു പദങ്ങൾ കൊണ്ട് പറയുമ്പോൾ ഉണ്ടാകുന്ന സങ്കല്പനം വ്യത്യസ്തമാണ്. പ്രാഥമികമായി ഇന്ത്യ എന്നത് മേഡേണും ഭാരതം എന്നത് പ്രീമോഡേണും ആയിമാറും. സമകാലികസന്ദർഭത്തിലെ ഭാരതീയന്യായസംഹിത എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ശ്രദ്ധിച്ചാൽ ഇതിന്റെ രാഷ്ട്രീയവിവക്ഷ്യം മനസ്സിലാകും. പ്രാദേശികചരിത്രരചന ദേശത്തെയും പ്രദേശത്തെയും സങ്കല്പനമായി കാണാൻ ശ്രമിക്കുന്നു. ആ സങ്കല്പനത്തെ വിമർശനാത്മകമായി വിശകലനം ചെയ്യുക എന്നത് പ്രാദേശികചരിത്രരചന ലക്ഷ്യമായി കാണേണ്ടതാണ്. നാം നമ്മുടെ പ്രദേശത്തെക്കുറിച്ചു ആലോചിക്കുമ്പോൾ ഇത്തരത്തിൽ വ്യത്യസ്ത സങ്കല്പനങ്ങൾ ഉണ്ടോ എന്ന് അന്വേഷിക്കാവുന്നതാണ്. ആ സങ്കല്പനങ്ങൾക്ക് പുറകിൽ പ്രവർത്തിക്കുന്ന ചിന്താമണ്ഡലങ്ങളെ വിമർശനാത്മകമായി വിചിന്തനം ചെയ്യാവുന്നതാണ്. അപ്പോൾ സ്ഥലം എന്നത് പ്രത്യയശാസ്ത്രപരമാണ് എന്നു തിരിച്ചറിയാൻ കഴിയും. അതിന്റെ പുറകിൽ പ്രവർത്തിച്ച ബലതന്ത്രങ്ങളെ വ്യക്തമാകുകയും ചെയ്യും. ഇത് വൈജ്ഞാനികമായി ആ പ്രദേശത്തെ പുനർനിർണ്ണയിക്കാൻ സഹായിക്കും.

ഇത്തരത്തിൽ പ്രദേശത്തെ മുൻനിർത്തിയുള്ള ഓരോ അറിവിന്റെ തലങ്ങളെയും സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണെങ്കിൽ നിലവിലെ ചരിത്രധാരണകൾക്ക് ഇളക്കം തട്ടുകയും അതുവഴി പുതുധാരണകളെ ബഹുത്വത്തോടെ കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും. മാത്രമല്ല, സമൂഹത്തിലെ മേൽക്കീഴ്ബന്ധങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ; അറിവിന്റെ ജനാധിപത്യപരമായ തലത്തെ സൃഷ്ടിക്കാനും സാധിക്കും. ബഹുലതയാണ് പ്രാദേശികചരിത്രത്തിന്റെ മുഖമുദ്ര. ആധുനിക ചരിത്രത്തിലെ 'ഒറ്റ സത്യം' എന്ന അവസ്ഥയിൽ നിന്നുള്ള വ്യതിചലനമാണിത്.

'സമകാലികത' എന്നതും ഈ ചിന്താമണ്ഡലത്തിൽ പ്രാധാന്യമേറുന്ന ഘടകമാണ്. സമകാലിക ചിന്താപ്രക്രിയയുമായി കൂട്ടിയിണക്കി വിശകലനം ചെയ്യുമ്പോഴാണ് പ്രാദേശികചരിത്രത്തിലെ അറിവ് വിജ്ഞാനമായി പരിവർത്തിപ്പിക്കപ്പെടുക. ഏതൊരു ഗവേഷണത്തിലും സമകാലികത എന്ന ഘടകം പ്രാധാന്യത്തോടെ തിരിച്ചറിയേണ്ടതുണ്ട്. ഏറ്റവും പ്രാചീനമായ ഒരു ഘടകത്തെ വിശകലനം ചെയ്യുമ്പോഴും സമകാലത്ത് അതിനെ നിർണ്ണയിക്കുന്ന ജ്ഞാനമെന്ത് എന്ന് വിലയിരുത്തപ്പെടുകയും രേഖപ്പെടുത്തുകയും ചെയ്യണം. അപ്പോഴാണ് പഠനം വൈജ്ഞാനികമാകുന്നത്.

**ഗ്രന്ഥസൂചി**

അനിതകുമാരി, ടി., രാധാകൃഷ്ണൻ ഇളയിടത്ത്, 2017 *ഗവേഷണപഠനവും രീതിശാസ്ത്രവും – അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ*, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ.

ആദർശ് സി., 2013 *വിഭാവനകൾ വിനിമയങ്ങൾ: കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

ദിനേശൻ വടക്കിനിയിൽ 2021 *ആരുടെ കേരളം?*, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്.

നമ്പൂതിരി, എൻ. എം., പി. കെ. ശിവദാസ് (എഡി.) 2009 *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ*, ഡി.സി. ബുക്സ്, കോട്ടയം.

adarshc1@gmail.com
9446291984